**മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യനഗരാസൂത്രകയുടെ കാര്യലയം, തിരുവനന്തപുരം - സാങ്കേതിക വിഭാഗം - കണ്ണൂർ ജില്ല - പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് - പെരിങ്ങോം വില്ലേജ് - പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1) പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11/06/2019- ലെ എ 2/998/19 നമ്പർ കത്ത്

2) കണ്ണൂർ ടൗൺ പ്ലാനറുടെ 15/06/2019-ലെ **C**/1391/**19** നമ്പർ കത്ത്.

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ് നമ്പർ. **TCPCTP**/1395/**19-D** തീയതി : **26/06/2019**

ഉത്തരവ്

കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പെരിങ്ങോം വില്ലേജിൽ റീസർവ്വേ നമ്പർ **75/110, 75/109, 75/108** എന്നിവയിൽപ്പെട്ട 7.52 Are സ്ഥലത്ത് 149.35 ച:മീ വിസ്തീർണ്ണമുള്ള പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. അനൂപ് കുമാറിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ-2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപ്പൻസി നൽകുവാൻ പാടുള്ളൂ.
2. **KPBR-2011**-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സർവ്വെ നമ്പർ , വിസ്തൃതി, അതിരുകൾ, അളവുകൾ അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 1999-2011-നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി. വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ **2008**-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. ചട്ടം 101 അനുശാസിക്കുന്ന ഭൂഗർഭ ജലപോഷണ സംവിധാനം ഒരുക്കിയിരിക്കണം.
8. അഗ്നി സുരക്ഷാ വകുപ്പിൽ നിന്നും നിരാക്ഷേപപത്രം (എൻ.ഒ.സി) ലഭ്യമാക്കിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല .

**File No.TCPCTP/1395/2019-D**

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 47/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരു സൈറ്റ് പ്ലാൻ

**കെ.എസ്.ഗിരിജ**
മുഖ്യനഗരാസൂത്രക

സെക്രട്ടറി, പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്.

പകർപ്പ് : 1) ശ്രീ. അനൂപ് കുമാർ, പടിഞ്ഞാറെപാത്ത്, കീരിയോട്, കുറുമത്തൂർ
2) ടൗൺ പ്ലാനർ, കണ്ണൂർ.
3) വെബ്സൈറ്റ്. 4) കരുതൽ ഫയൽ. 5) അധികം.